**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ബോട്ടുകളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതര സംസ്ഥാന ബോട്ടുകൾ നിയന്ത്രണമില്ലാതെ മത്സ്യബന്ധനം നടത്തുന്നതായുള്ള വസ്തുത സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.തീരത്തു നിന്നും 12 നോട്ടിക്കൽ മൈൽ അകലെ വരെയുള്ള സംസ്ഥാന അധികാര പരിധിയിൽ വരുന്ന തീരക്കടലിൽ അന്യ സംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും,ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സി. എം. എഫ്. ആർ. നിർദ്ദേശവും ഹൈക്കോടതി നിർദ്ദേശവും അനുസരിച്ച് എല്ലായാനങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധനത്തിനുപയോഗിയ്ക്കുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളെയും KMFR Act 1980 (Amendment Act 2017) Merchant Shipping Act എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. യാനങ്ങളുടെ ആകെ നീളത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഫീസുകൾ ഈടാക്കിക്കൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്. NICയുടെ സഹായത്തോടെ തയ്യാറാക്കിയ Real Craft എന്ന സോഫ്റ്റ് വെയറിന്റെ സഹായത്താലാണ് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. |
| (സി) | ഇതര സംസ്ഥാന ബോട്ടുകളിൽ നിന്നും യൂസേഴ്സ് ഫീ പിരിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ | (സി) | പുതിയ KMFR ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബർ ന ശേഷം സംസ്ഥാനത്തു രജിസ്റ്റർ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | | ചെയ്തിട്ടുള്ള യന്ത്ര വല്കൃത യാനങ്ങളിൽ 20 മീറ്റർ നു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് അനുവദിച്ചിട്ടില്ല. അവർക്കു തീരക്കടലിലൂടെ ഹാർബറുകളിലേക്കു പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അന്യ സംസ്ഥാന ബോട്ടുകൾക്കും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്രവല്കൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25000 /- രൂപയും , ഇൻബോർഡ് വള്ളങ്ങൾക്ക് 15000 /- രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. പെർമിറ്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം എല്ലാ തീരദേശ ജില്ലകളിലും ഒരുക്കിയിട്ടുണ്ട്. ആയതു പിരിച്ചെടുക്കുന്നതിന് എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ഡി) | ഇതര സംസ്ഥാന മത്സ്യതൊഴിലാളികളും സംസ്ഥാനത്തെ മത്സ്യതൊഴിലാളികളും തമ്മിൽ കടലിലുള്ള സംഘർഷ സാധ്യത ലഘൂകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) | ഇതര സംസ്ഥാന മത്സ്യത്തൊഴിലാളികളും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളും തമ്മിൽ കടലിലുള്ള സംഘർഷാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഘർഷ സാധ്യത ഉണ്ടായാൽ ആയതു പരിഹരിയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം കോസ്റ്റൽ പോലീസിനാണ്. മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്ന് KMFR Act ന്റെ ലംഘനം ഉണ്ടായാൽ ആയതിനെതിരെ ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്താൽ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ